**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4794** **11-08-2021 - ൽ മറുപടിയ്ക്ക്**

**അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമ പഞ്ചായത്തുകളിൽ 2 കിലോമീറ്ററും, മുനിസിപ്പാലിറ്റികളിൽ 1.5കിലോമീറ്ററും, കോർപ്പറേഷനുകളിൽ 1 കിലോമീറ്ററും ആണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ- ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും സംരംഭകരെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടതെന്ന് അറിയിക്കുമോ; അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | അക്ഷയയുടെ പുതിയ ലൊക്കേഷൻ അനുവദിക്കുന്നതിന് അക്ഷയ ചീഫ് കോ-ഓർഡിനേറ്ററായ ജില്ലാ കളക്ടറെ സംബോധന ചെയ്ത് അപേക്ഷ അക്ഷയ ജില്ലാ ഓഫീസിലാണ് സമർപ്പിക്കേണ്ടത്. അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യത, പ്രായം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള രേഖകളാണ് സമർപ്പിക്കേണ്ടത്. സ്വന്തമായി കെട്ടിടം ഉണ്ടെന്നോ അധിക യോഗ്യതകളോ പ്രവൃത്തി പരിചയമോ ഉണ്ടെന്നോ അവകാശപ്പെടുന്ന പക്ഷം അവയുടെ രേഖകളും ഹാജരാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും പ്രത്യേകം മാനദണ്ഡമാണോയെന്ന് വിശദമാക്കാമോ? | (സി) | പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് ദൂരപരിധിയിൽ വ്യത്യാസമുണ്ട്. |

സെക്ഷൻ ഓഫീസർ